Malayala Manorma
24 August 2018
Thiruvananthapuram;
Flood

# സന്നദ്ധസേവനത്തിന് ഗ്രേസ് മാർക്ക്

**25% ഗ്രേസ് മാർക്കുമായി സാങ്കേതിക സർവകലാശാല**

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർഥികൾക്ക് 25% ഗ്രേസ് മാർക്ക് അനുവദിച്ചു സാങ്കേതിക സർവകലാശാല ഉത്തരവിറക്കി. നിലവിലുള്ള സെമസ്റ്ററിലെ ഓരോ വിഷയത്തിനും ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് അനുവദിക്കും. എന്നാൽ വിഷയത്തിന്റെ ആകെ മാർക്കിന്റെ 10 ശതമാനത്തിൽ കൂടുതൽ നൽകില്ല.

സർവകലാശാലയുടെ കീഴിലെ 143 കോളജുകളിലെ ബിടെക്, എംടെക്, എംബിഎ, എംസിഎ തുടങ്ങി മുഴുവൻ കോഴ്സുകൾക്കും ലഭിക്കും. നിലവിലുള്ള റഗുലർ, സപ്ലിമെന്ററിക്കാർക്കു ഗ്രേസ് മാർക്കിന് അർഹതയുണ്ട്. തിയറി പരീക്ഷകൾക്കു മാത്രമായിരിക്കും ഗ്രേസ് മാർക്ക്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഒറ്റത്തവണത്തേക്ക് മാത്രമാണ് ഗ്രേസ് മാർക്ക് അനുവദിക്കുകയെന്നും 2018 ൽ പ്രവേശനം നേടിയവർ അർഹരായിരിക്കില്ലെന്നും വൈസ് ചാൻസലറുടെ ചുമതലയുള്ള ഡോ. ജെ ലതയുടെ ഉത്തരവിൽ വ്യക്തമാക്കി.

# മാർക്ക് ലിസ്റ്റും മറ്റും നഷ്ടമായവർക്ക് പകരം സർട്ടിഫിക്കറ്റ്

തിരുവനന്തപുരം● പ്രളയക്കെടുതിയിൽ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും നഷ്ടപ്പെട്ടവർക്കു സൗജന്യമായി പകരം സർട്ടിഫിക്കറ്റ് നൽകാൻ സർവകലാശാലകൾക്കു സർക്കാർ നിർദേശം. ഇതിനായി അദാലത്തുകൾ നടത്തണം. അപേക്ഷകൾ ഓൺലൈനായും നേരിട്ടും സ്വീകരിക്കണം. 30 ന് മുൻപ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് നിർദേശിച്ചു.